**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 497** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മാർമല ജലവൈദ്യുത പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** മാർമല ജലവൈദ്യുത പദ്ധതിക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മാർമ്മല ജലവൈദ്യുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

തുടർന്ന് 27 പട്ടയഭൂമിയിൽ 26 എണ്ണവും കെ.എസ്.ഇ.ബി.ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അംഗീകരിച്ച സർവ്വേ സ്കെച്ചിലും കെ.എസ്.ഇ.ബി സ്ഥാപിച്ച അതിരുകല്ലുകളിലും ഉള്ള വ്യത്യാസം കാരണം ഒരു പട്ടയഭൂമി കൂടെ കെ.എസ്.ഇ.ബി.ക്ക് റവന്യൂ വകുപ്പ് കൈമാറേണ്ടതുണ്ട്. പ്രസ്തുത വ്യത്യാസം പരിഹരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതിക്ക് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; തടസ്സങ്ങൾ ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പദ്ധതിക്ക് ആവശ്യമായ പട്ടയരഹിത ഭൂമി (നദീതട ഭൂമി, ആറ്റുപുറം പോക്ക്, ജില്ലാ പഞ്ചായത്ത് റോഡ് ഭാഗം എന്നിവ) ഉപയോഗിക്കുന്നതിന് ആവശ്യമായ ഉപയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി കൂടി ലഭ്യമായാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുകയുള്ളൂ.

ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ നടത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**